(സി) വെള്ളം എടുക്കുവാൻ വേണ്ടി പൈപ്പുകളും പമ്പുകളും സ്ഥാപിക്കുവാൻ ഭൂജല വകുപ്പ് കമ്പനിക്ക് അനുവാദം നൽകിയിട്ടില്ല. കമ്പനിയുടെ കണക്ക് പ്രകാരം രണ്ട് തുറന്ന കിണറുകളും ഏഴ് കുഴൽ കിണറുകളും കമ്പനിക്കുള്ളിൽ നിർമ്മിച്ചിട്ടുണ്ട്.

മലബാറിലെ കുടിവെള്ള-കാർഷിക ആവശ്യങ്ങൾക്കായി സമഗ്രമായ പദ്ധതി

67 [1753] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ കുടിവെള്ള കാർഷിക ആവശ്യങ്ങൾക്കായി പശ്ചിമഘട്ട താഴ്വരയിലെ പ്രധാന നദികളായ യാക്കരപ്പുഴ, കൽപ്പാത്തിപ്പുഴ, തൂപ്പനാട് പുഴ, കാഞ്ഞിരപ്പുഴ, കുന്തിപ്പുഴ, നെല്ലിപ്പുഴ, മുറിയംകണ്ണിപ്പുഴ എന്നിവ ഉപയോഗപ്പെടുത്തിയ സമഗ്രമായ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാഞ്ഞിരപ്പുഴയിലെ ജലം ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ 9713 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനായി കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാത്രമല്ല മലബാറിലെ കുടിവെള്ള കാർഷിക ആവശ്യങ്ങൾക്കായി പശ്ചിമഘട്ട താഴ്വരയിൽ പ്രധാന നദികളായ ഭാരതപ്പുഴ, കൽപ്പാത്തിപ്പുഴ, നെല്ലിപ്പുഴ, തൂപ്പനാട് പുഴ, കുന്തിപ്പുഴ എന്നീ പുഴകളിൽ തടയണകൾ നിർമ്മിച്ചാൽ ജലക്ഷാമം പരിഹരിക്കാം എന്ന് കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള പര്യവേഷണ ജോലികൾ പരിഗണിച്ചു വരികയാണ്.

(ബി) യാക്കര പുഴയിലും മുറിയംകണ്ണി പുഴയിലും തടയണകൾ നിർമ്മിക്കുന്നതിന് പദ്ധതികളൊന്നും പരിഗണനയിലില്ല.

സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതി

68 [1754] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കൊല്ലം ജില്ലകളിൽ നടപ്പിലാക്കുന്ന സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly